# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4532

25/06/2019 ൽ മറുപടിക്ക്

## റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം

**ചോദ്യം**
**ശ്രീ.പി.ടി.എ. റഹിം**

**മറുപടി**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർക്കാർ നടപ്പിലാക്കിവരുന്ന ReLIS(റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) കേരളത്തിലെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ടോയെന്നറിയിക്കുമോ ; | (എ) | സംസ്ഥാനത്തെ എല്ലാ താലൂക്കോഫീസുകളിലും, ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിലും ReLIS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിൽക്കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വില്ലേജ് / താലൂക്ക് തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ വ്യക്തമാക്കുമോ; | (ബി) | റെലിസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഏറ്റവും കുറഞ്ഞത് ഓരോ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വീതവും ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടത് പ്രകാരം പ്രിന്ററുകളും നൽകിയിട്ടുണ്ട്. കൂടാതെ, ആവശ്യമായ ടോണർ, പേപ്പർ എന്നിവ ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ആവശ്യമായ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണത്തിനായുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയിലുൾപ്പെടുത്തി ഐ.റ്റി.മിഷൻ മുഖേന എല്ലാ വില്ലേജ് ഓഫീസുകളിലും രണ്ട് ലാപ് ടോപ്പ്, ഒരു പ്രിന്റർ എന്നിവയും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റിയും നൽകിയിട്ടുണ്ട്. നിലവിലുള്ള ഇന്റർനെറ്റ് കണക്ടിവിറ്റി ഫൈബർ ഒപ്റ്റിക് അടിസ്ഥാനത്തിലേയ്ക്ക് (BSNL FTTH) മാറ്റുന്നതിനുള്ള നടപടി ഐ.റ്റി മിഷൻ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് ഓഫീസുകളിലും റെലിസ് പദ്ധതിയ്ക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് വില്ലേജ്/ താലൂക്ക് തലങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും, പത്രമാധ്യമങ്ങൾ വഴിയും, ലഘുരേഖകൾ മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | സർക്കാർ ഉദ്ദേശിക്കുന്ന തരത്തിൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകാൻ ഇതുവഴി സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;? | (ഡി) | ഉണ്ട്. ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈനായി സാധ്യമാക്കുക എന്നതാണ് റെലിസ് പദ്ധതിയുടെ പ്രാഥമികമായ ഉദ്ദേശ്യം. ടി പദ്ധതി നടപ്പിലാക്കിയതോടെ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈനായിത്തന്നെ നടക്കുന്നതിനാൽ ടി ആവശ്യത്തിനായി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ട ആവശ്യം വരുന്നില്ല. കൂടാതെ റെലിസ് പദ്ധതിയുടെ ഭാഗമായി റവന്യൂ ഇ-പെയ്മെന്റ് സംവിധാനം കൂടി നടപ്പിലാക്കിയതോടെ റെലിസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വില്ലേജുകളിലും ഭൂനികുതിയും ഓൺലൈനായിത്തന്നെ ഒടുക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയതിന്റെ ഫലമായി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിലെത്താതെ തന്നെ പോക്കുവരവ്, ഭൂനികുതി ഒടുക്കൽ എന്നീ സേവനങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ